# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 സെപ്റ്റംബർ 26 തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)

മറുപടി നൽകുന്ന മന്ത്രിമാർ
മുഖ്യമന്ത്രി
ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി
എക്സൈസും തുറമുഖവും വകുപ്പുമന്ത്രി
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

<u>വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി</u>

*1 ശ്രീ. വി. ശിവൻകുട്ടി
,, ബി. സത്യൻ
,, എസ്. ശർമ്മ
,, കെ. വി. അബ്ദുൾഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ പ്രവർത്തനപങ്കാളിയെ കണ്ടെത്തുന്നതിനുള്ള ടെണ്ടറിൽ എത്രപേർ പങ്കെടുക്കുകയുണ്ടായി;

(സി) ബിഡുകൾ സമർപ്പിക്കുവാനുളള സമയപരിധി നീട്ടിയിട്ടുണ്ടായിരുന്നുവോ; എങ്കിൽ കാരണമെന്തായിരുന്നു; അതുകൊണ്ട് ഉണ്ടായ നേട്ടം എന്തായിരുന്നു;

(ഡി) സാങ്കേതിക ടെണ്ടർ, സാമ്പത്തിക ടെണ്ടർ തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഇ) സാമ്പത്തിക ടെണ്ടറിൽ ക്വോട്ട് ചെയ്തിട്ടുളളവ തമ്മിലുളള വ്യത്യാസം എത്രയായിരുന്നു;

(എഫ്) പ്രവർത്തനപങ്കാളിയായി കണ്ടെത്തിയ സ്ഥാപനവുമായി എഗ്രിമെന്റ് വെക്കുകയുണ്ടായോ; എഗ്രിമെന്റിലെ പ്രധാനവ്യവസ്ഥകൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>പുതിയ ബഡ്ജറ്റിൽ ഉൾപ്പെടുത്താത്ത മുൻ ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ</u>

*2 ശ്രീ. ബി. ഡി. ദേവസി
,, എം. എ. ബേബി
,, ആർ. രാജേഷ്
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 സാമ്പത്തിക വർഷത്തേയ്ക്ക് മുൻ സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിലെ ഏതെങ്കിലും നിർദ്ദേശങ്ങൾ ഇപ്പോൾ അവതരിപ്പിച്ച ബഡ്ജറ്റിൽ ഉൾപ്പെടുത്താതിരുന്നിട്ടുണ്ടോ ;

(ബി) എങ്കിൽ ഒഴിവാക്കപ്പെട്ട ബഡ്ജറ്റ് നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വകുപ്പടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(സി) ഓരോ നിർദ്ദേശവും ഒഴിവാക്കുന്നതിന് സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 26.09.2011-ലെ മറുപടിക്ക്

<u>സാമ്പത്തിക ഉത്തേജക പാക്കേജ്</u>

*3 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. ഇ.പി. ജയരാജൻ
,, എം. ചന്ദ്രൻ
'' പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഗോള സാമ്പത്തിക പ്രതിസന്ധിയും തത്ഫലമായുണ്ടായ ആഗോള സാമ്പത്തിക മാന്ദ്യവും, സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതത്തെ ഏതെല്ലാം നിലയിൽ ബാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഏതെല്ലാം മേഖലയിലുള്ള ജനവിഭാഗങ്ങളെയാണ് ഇത് ഏറെ ബാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സാഹചര്യത്തിൽ പുതിയ സാമ്പത്തിക ഉത്തേജക പാക്കേജ് പ്രഖ്യാപിക്കുവാൻ തയ്യാറാകുമോ ;

(ഡി) ജനങ്ങൾക്ക് പൊതുവിൽ ആശ്വാസമാകുന്ന നികുതി ഇളവുകളോ ഒഴിവാക്കലോ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>മദ്യനയം</u>

*4 ശ്രീ. പി. കെ. ഗുരുദാസൻ
ഡോ. കെ. ടി. ജലീൽ
ശ്രീമതി. കെ. കെ. ലതിക
ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച മദ്യനയം സംബന്ധിച്ച് ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കാമോ;

(ബി) മദ്യനയം രൂപീകരിക്കുന്നതിന് മുമ്പ് ഏതെല്ലാം സംഘടനകളുമായി ചർച്ച നടത്തുകയുണ്ടായി;

(സി) തൊഴിലാളി സഹകരണ സംഘങ്ങളെ കള്ളുഷാപ്പ് നടത്തുന്നതിൽ നിന്നും പൂർണ്ണമായും ഒഴിവാക്കാൻ തീരുമാനിച്ചത് എന്തുകൊണ്ടാണ്;

(ഡി) മദ്യഷാപ്പുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്ന ആവശ്യം ഉണ്ടായിരുന്നുവോ; ഈ നിർദ്ദേശം അവഗണിച്ചത് എന്തുകൊണ്ടാണ്;

(ഇ) ഭാവിയിൽ ബാറുകൾക്ക് ലൈസൻസ് നൽകുന്നതിന് ടൂറിസം ഡെസ്റ്റിനേഷനുകളെ പ്രഖ്യാപിച്ചിട്ടുണ്ടോ; ഏത് മാനദണ്ഡപ്രകാരമാണ് ഡെസ്റ്റിനേഷനുകൾ തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം</u>

*5 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എ. പ്രദീപ്കുമാർ
,, കെ. കെ. നാരായണൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം മൂലം ജനജീവിതം ദുസ്സഹമായിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാധനങ്ങളുടെ വിലക്കയറ്റത്തിനിടയാക്കിയ സാഹചര്യങ്ങൾ എന്തൊക്കെയാണ്;

(സി) വിലക്കയറ്റത്തിൽ നിന്നും ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിന് സംവിധാനങ്ങളുടെ പരാജയ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ സ്ഥാപനങ്ങളുടെ മൂലധനശേഷിയും, അത് വർദ്ധിപ്പിക്കുന്നതിന് പുതുതായി നൽകിയ സഹായങ്ങളും വിശദമാക്കുമോ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>നൂറുദിന കർമ്മപരിപാടികൾ</u>

*6 ശ്രീ. സി.എഫ്. തോമസ്
ഡോ. എൻ. ജയരാജ്
ശ്രീ. പി.സി. ജോർജ്
'' റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പ്രഖ്യാപിച്ച നൂറുദിന കർമ്മ പരിപാടികളിൽ എത്രയെണ്ണം നടപ്പിലാക്കി എന്നു വ്യക്തമാക്കുമോ ;

(ബി) ഗവൺമെന്റിന്റെ ഒരു വർഷത്തേക്കുള്ള പദ്ധതി പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) അടുത്ത 20 വർഷത്തെ വികസനം മുൻകൂട്ടി കണ്ടുകൊണ്ടുള്ള പദ്ധതിക്ക് രൂപം കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
# 26.09.2011-ലെ മറുപടിക്ക്

<u>നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടി</u>

*7 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>മണിചെയിന്‍ മാതൃകയില്‍ സാമ്പത്തിക ഇടപാടുകള്‍</u>

*8 ശ്രീ. സി.കെ.സദാശിവന്‍
,, കെ.രാധാകൃഷ്ണന്‍
,, എസ്.രാജേന്ദ്രന്‍
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മണിചെയിന്‍ മാതൃകയില്‍ സംസ്ഥാനത്ത് നടന്നുവരുന്ന സാമ്പത്തിക ഇടപാടുകളും അവയുമായി ബന്ധപ്പെട്ട സാമ്പത്തിക തട്ടിപ്പുകളും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) വിവിധ പേരുകളില്‍ അറിയിപ്പെടുന്നതും കേരളത്തില്‍ പ്രവര്‍ത്തിച്ചുവരുന്നതുമായ ഇത്തരം സാമ്പത്തിക ഇടപാടുകള്‍ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) ഇത്തരം ഇടപാടുകാര്‍ സംസ്ഥാനത്ത് നിര്‍ബാധം പ്രവര്‍ത്തിച്ചുവരുന്നത് എന്തുകൊണ്ടാണ് എന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ ;

(ഡി) എത്ര കോടി രൂപയുടെ തട്ടിപ്പുകള്‍ ഈ രംഗത്ത് ഇതിനകം നടന്നതായി കണക്കാക്കപ്പെട്ടിട്ടുണ്ട്; ഏതെല്ലാം സ്ഥാപനങ്ങള്‍ക്കെതിരെ എത്ര കേസ്സുകള്‍ രജിസ്റ്റര്‍ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട് ;

(ഇ) തട്ടിപ്പുകളെ ഫലപ്രദമായി നേരിടുന്നതിനുതകുന്ന എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ഇ-ടെൻഡർ നടപടി</u>

*9 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, എ.എം. ആരിഫ്
,, ബാബു എം. പാലിശ്ശേരി
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിന് അനുവർത്തിച്ചുവരുന്ന നടപടിക്രമങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇ-ടെൻഡർ സമ്പ്രദായത്തിലൂടെ സാധനങ്ങൾ വാങ്ങാൻ ആരംഭിച്ചത് എന്നു മുതലാണ് ;

(സി) ഇ-ടെൻഡർ സമ്പ്രദായത്തിലൂടെയുള്ള ഇക്കഴിഞ്ഞ ഫെസ്റ്റിവൽ സീസണിലെ ഏതെങ്കിലും വാങ്ങൽ നടപടിയിൽ സർക്കാർ ഇടപെടുകയുണ്ടായോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 26.09.2011-ലെ മറുപടിക്ക്

<u>ഹോട്ടൽ ഭക്ഷണ വില</u>

*10 ശ്രീ. എം. ചന്ദ്രൻ
,, റ്റി. വി. രാജേഷ്
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ആഹാരങ്ങളുടെ വില നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുളളത്;

(ബി) ഇതിനുള്ള കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഒരേ നിലവാരത്തിലുള്ള ഹോട്ടലുകളിൽ നൽകുന്ന ഒരേതരത്തിലുള്ള ഭക്ഷണത്തിന് ഭീമമായ വില വ്യത്യാസം ഈടാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ആഹാരസാധനങ്ങളുടെ വിലനിലവാരം കൃത്യമായി പ്രദർശിപ്പിച്ചുവരുന്നുണ്ടെന്ന് സർക്കാരിനുറപ്പുണ്ടോ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>വിരമിക്കൽ തീയതി ഏകീകരണം സംബന്ധിച്ച്</u>

*11 ശ്രീ. കെ. എം. ഷാജി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, പി. ബി. അബ്ദുൾ റസാക്
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ വിരമിക്കൽ തീയതി ഏകീകരിച്ചതുമൂലം ജീവനക്കാർക്കിടയിലും പി. എസ്. സി. റാങ്ക് ഹോൾഡേഴ്സിനിടയിലും ഒരുപോലെ സംജാതമായിട്ടുളള ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നടപടി സർക്കാർ പുന:പരിശോധിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇൻഡ്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലേതുപൊലെ കേരളത്തിലും പെൻഷൻ പ്രായം ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ഇതു സംബന്ധമായി സർവ്വീസ് സംഘനടകളുമായി സർക്കാർ ചർച്ച നടത്തുകയുണ്ടായോ;

(ഇ) പ്രസ്തുത ചർച്ചയിൽ എത്ര സംഘടനാ പ്രതിനിധികൾ പങ്കെടുത്തു; ഏതെങ്കിലും സംഘടന പെൻഷൻ പ്രായം ഉയർത്തുന്ന നടപടിക്ക് വിയോജിപ്പ് പ്രകടിപ്പിക്കുകയുണ്ടായോ;

(എഫ്) എങ്കിൽ ഏതൊക്കെ സംഘടനകളാണ് വിയോജിപ്പ് പ്രകടിപ്പിച്ചത് ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>ഏഷ്യൻ വികസന ബാങ്കിൽ നിന്നുള്ള വായ്പ</u>

*12 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ വികസന ബാങ്കിൽ നിന്ന് സംസ്ഥാനം എത്ര രൂപ വായ്പയെടുത്തിട്ടുണ്ട്;

(ബി) പ്രസ്തുത വായ്പകളുടെ കാലാവധി എത്ര;

(സി) എ.ഡി.ബി.ക്ക് പിഴയിനത്തിൽ സംസ്ഥാനം എത്ര തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഏത് ഇനത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) എത്ര തുകയാണ് നൽകേണ്ടി വന്നത്?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>പുതിയ പാർപ്പിട നയം</u>

*13 ശ്രീ. ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ പാർപ്പിട നയം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കാര്യങ്ങൾക്കാണ് മുൻഗണന നൽകുന്നത് എന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് സ്വന്തമായി പാർപ്പിടം ഇല്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്;

(ഡി) ഇവർക്ക് വീട് നിർമ്മിച്ചു നൽകുവാൻ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ;

(ഇ) കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട വീടുകൾ നിർമ്മിച്ചു നൽകുന്ന ഏതെല്ലാം നൂതന സാങ്കേതിക വിദ്യകളാണ് ഈ ആവശ്യത്തിലേയ്ക്കായി ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>ഭൂമിയുടെ ന്യായവിലയും രജിസ്ട്രേഷനും</u>

*14 ശ്രീ. വർക്കല കഹാർ
'' പാലോട് രവി
'' വി. പി. സജീന്ദ്രൻ
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വസ്തുവിന്റെ ന്യായവിലയിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) ന്യായവിലയിലെ അപാകതകൾ മൂലം പുതിയ പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ;

(സി) രജിസ്ട്രേഷൻ തുകയിൽ കുറവ് വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; മുൻ സർക്കാർ നിശ്ചയിച്ച അപ്രായോഗികമായ രജിസ്ട്രേഷൻ നിരക്കുകളിൽ മാറ്റം വരുത്തുമോ ?

# കേരള നിയമസഭ
# 26.09.2011-ലെ മറുപടിക്ക്

<u>ഭക്ഷ്യ സുരക്ഷാ നിയമം</u>

*15 ശ്രീ. ജോസഫ് വാഴയ്ക്ക ൻ
,, വി. ഡി. സതീശൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ നിയമം നിലവിൽ വന്നിട്ടുണ്ടോ;

(ബി) നിയമത്തിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതിന് എന്തെല്ലാം ശിക്ഷകളാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്;

(ഡി) പ്രസ്തുത നിയമം നടപ്പാക്കുന്നതിന് മുൻപ് ബോധവൽക്കര
ണവും വിലയിരുത്തലുകളും നടത്തുമോ;

(ഇ) നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി അനലിറ്റിക്കൽ ലാബു
കളുടെ പ്രവർത്തനം ശക്തിപ്പെടുത്താനും ഫുഡ് ചെക്ക് പോസ്റ്റുകൾ ആരംഭിക്കാനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>പെട്രോളിയം വിലവര്‍ദ്ധനയും നികുതി വരുമാനവും</u>

*16 ശ്രീ. സണ്ണി ജോസഫ്
,, സി.പി. മുഹമ്മദ്
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, ബെന്നി ബെഹനാന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം പെട്രോളിയം ഉല്പന്നങ്ങളുടെ വിലവര്‍ദ്ധനമൂലം സംസ്ഥാനത്തിന് ലഭിക്കുമായിരുന്ന വില്പന നികുതി ഒഴിവാക്കിയതിന്റെ അടിസ്ഥാനത്തില്‍ നികുതി വരുമാനത്തില്‍ എത്ര തുകയുടെ കുറവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കില്‍ വ്യക്തമാക്കുമോ ?

(ബി) കഴിഞ്ഞ അഞ്ച് വര്‍ഷത്തിനിടയില്‍ പെട്രോളിയം ഉല്പന്നങ്ങളുടെ വില വര്‍ദ്ധിപ്പിച്ച വകയില്‍ വില്പന നികുതിയില്‍ വന്ന വര്‍ദ്ധനവ് വഴി എത്ര രൂപയുടെ അധിക വരുമാനമുണ്ടായി എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 26.09.2011-ലെ മറുപടിക്ക്

<u>സൗജന്യ ഓണക്കിറ്റ്</u>

*17 ശ്രീ. പുരുഷന്‍ കടലുണ്ടി
,, എം. ഹംസ
,, കോലിയക്കോട് എന്‍. കൃഷ്ണന്‍നായര്‍
,, സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പാവപ്പെട്ട കുടുംബങ്ങള്‍ക്ക് മുന്‍സര്‍ക്കാര്‍ നല്‍കി വന്നിരുന്ന സൗജന്യ ഓണക്കിറ്റ് ഈ വര്‍ഷം നല്‍കുകയുണ്ടായോ ; എത്ര കുടുംബങ്ങള്‍ക്ക് അവ നല്‍കുകയുണ്ടായി ; മുന്‍വര്‍ഷം എത്ര കുടുംബങ്ങള്‍ക്ക് നല്‍കിയിരുന്നു ;

(ബി) സൗജന്യ ഓണക്കിറ്റില്‍ എന്തെല്ലാം സാധനങ്ങള്‍ എത്ര ഗ്രാം വീതം ഉണ്ടായിരുന്നു ; മുന്‍ വര്‍ഷം നല്‍കിയ സാധനങ്ങള്‍ എന്തെല്ലാമായിരുന്നു ; എത്ര ഗ്രാം വീതം നല്‍കുകയുണ്ടായി ;

(സി) ഈ വര്‍ഷം ഓണക്കിറ്റ് നല്‍കുന്നതിന് സിവില്‍ സപ്ലൈസ് കോര്‍പ്പറേഷന്‍ സമര്‍പ്പിച്ച നിര്‍ദ്ദേശങ്ങള്‍ എന്തായിരുന്നു ; സര്‍ക്കാര്‍ ഇക്കാര്യത്തിലെടുത്ത തീരുമാനം എന്തായിരുന്നു ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

വില്പന ആധാരങ്ങൾക്കുള്ള മുദ്രവില

*18 ശ്രീ. എൻ. ഷംസുദ്ദീൻ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, വി.എം. ഉമ്മർ മാസ്റ്റർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മതപരമായ 'വഖഫ്' ആധാരം രജിസ്റ്റർ ചെയ്യുന്നതിന് ഇപ്പോൾ 21/2 ശതമാനം മുദ്രവിലയായും 2 ശതമാനം ഫീസുമായുമാണ് ഈടാക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒരു ശതമാനം മുദ്രയും ഒരു ശതമാനം ഫീസുമായി പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) വിൽപ്പന ആധാരങ്ങൾക്ക് പഞ്ചായത്ത് മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ യഥാക്രമം 7 ശതമാനം, 8 ശതമാനം, 9 ശതമാനം എന്നിങ്ങനെ ഈടാക്കുന്ന മുദ്രവില യഥാക്രമം 5%, 6%, 7% എന്നിങ്ങനെ മാറ്റി നിശ്ചയിക്കുമോ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

മലയാള ഭാഷയ്ക്ക് ക്ലാസ്സിക്കൽ പദവി

*19 ശ്രീ. കെ. ശിവദാസൻനായർ
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി ലഭിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്.

(ബി) ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ക്ലാസ്സിക്കൽ പദവി ലഭിക്കുന്നതിന് കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് ഫലപ്രദമായ നടപടി സ്വീകരിക്കുവാൻ തയാറാകുമോ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

തീവ്രവാദപ്രവര്‍ത്തനങ്ങളെ നിരീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങള്‍

*20 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍
,, എ. പ്രദീപ് കുമാര്‍
,, എ.എം. ആരിഫ്
,, കെ.വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് തീവ്രവാദപ്രവര്‍ത്തനങ്ങളെ നിരീക്ഷിക്കുന്നതിന് പ്രത്യേക സംവിധാനങ്ങള്‍ ഉണ്ടോ; വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തെ തീവ്രവാദബന്ധവും സംരക്ഷണങ്ങളും സംബന്ധിച്ച ഏതെങ്കിലും വിക്കിലീക്സ് വെളിപ്പെടുത്തല്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(സി) എങ്കില്‍ വെളിപ്പെടുത്തലുകളെ സംബന്ധിച്ച് അന്വേഷണം നടത്തുന്നുണ്ടോ ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

എൻഡോസൾഫാൻ ഇരയായവർക്കുള്ള സാമ്പത്തിക സഹായം

*21 ശ്രീ. കെ. അജിത്
,, ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഗീതാ ഗോപി
,, ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ഇരയായവർക്കുള്ള സാമ്പത്തിക സഹായം ഉടൻ വിതരണം ചെയ്യണമെന്ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര കാലത്തിനുള്ളിൽ വിതരണം ചെയ്യണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) കമ്മീഷൻ, മരിച്ചവർക്കും, മൃതപ്രായരായി കഴിയുന്നവർക്കും, വൈകല്യം ബാധിച്ചവർക്കും എത്രതുകവീതം നൽകണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സഹായത്തിനർഹരായവരെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ

## 26.09.2011-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ഉത്തരവുകളും കരാറുകളും വെബ്സൈറ്റില്‍ പ്രസിദ്ധീകരിക്കാന്‍ നടപടി</u>

*22 ശ്രീ. ബാബു.എം. പാലിശ്ശേരി
,, എം.എ. ബേബി
,, ബി. സത്യന്‍
,, സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എല്ലാ സര്‍ക്കാര്‍ ഉത്തരവുകളും കരാറുകളും അതേ ദിവസം വെബ്സൈറ്റില്‍ പ്രസിദ്ധീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ ഏത് വെബ്സൈറ്റില്‍ എന്ന് മുതല്‍ പ്രസിദ്ധീകരിക്കുകയുണ്ടായെന്ന് വിശദമാക്കാമോ;

(സി) ഈ സര്‍ക്കാറിന്റെ ഇതേവരെയുള്ള കാലയളവില്‍ സര്‍ക്കാര്‍ വകുപ്പുകള്‍ പുറപ്പെടുവിച്ച ഉത്തരവുകളും കരാറുകളും വെബ്സൈറ്റില്‍ പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ഡി) ഈ കാലയളവില്‍ സര്‍ക്കാര്‍ പുറപ്പെടുവിച്ചതും പ്രസിദ്ധീകരിച്ചതുമായ ഉത്തരവുകളുടെ എണ്ണം വിശദമാക്കാമോ?

# കേരള നിയമസഭ
# 26.09.2011-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റ്, പി.എസ്.സി. തുടങ്ങിയ സ്ഥാപനങ്ങളിലെ</u>
<u>അസിസ്റ്റന്റ് നിയമനം</u>

*23 ശ്രീ. പി. ബി. അബ്ദുൾറസാക്
,, വി. എം. ഉമ്മർ മാസ്റ്റർ
,, റ്റി. എ. അഹമ്മദ് കബീർ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ്, പി.എസ്.സി, തുടങ്ങിയ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് നിയമനത്തിന് നിലവിലുണ്ടായിരുന്ന ക്വാളിഫിക്കേഷനിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് പ്രൊപ്പോസൽ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ എന്നു തീരുമാനമെടുത്തു എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രമുഖ കോച്ചിംഗ് സെന്ററുകൾ പി.എസ്.സി. നിയമനം തേടുന്ന ഉദ്യോഗാർത്ഥികളെ ചൂഷണം ചെയ്യുന്നതിനുവേണ്ടി അവരുടെ സ്വാധീനം പി.എസ്.സി യിലും സർക്കാരിലും ചെലുത്തുന്നുണ്ടെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതെക്കുറിച്ച് അന്വേഷിക്കുമോ;

(ഇ) മുൻ സർക്കാരിന്റെ കാലത്തു നടന്ന പി.എസ്.സി. പരിക്ഷാത്തട്ടിപ്പിലും ഇത്തരം ചില കോച്ചിംഗ് സെന്ററുകളുടെ ഇടപെടലുണ്ടെന്ന ആരോപണത്തെക്കുറിച്ചു കൂടി അന്വേഷിക്കുമോ;

(എഫ) ക്വാളിഫിക്കേഷനിൽ മാറ്റം വരുത്തുന്നതിന് മുൻപ്, അങ്ങനെ ചെയ്യുന്നത് ഉദ്യോഗാർത്ഥികളിൽ ഏതെങ്കിലും വിഭാഗത്തിന്, പ്രത്യേകിച്ചും പിന്നാക്ക വിഭാഗങ്ങളിൽപ്പെടുന്നവർക്ക്, അവസരം നഷ്ടപ്പെടുത്താൻ ഇടയാക്കുമോ എന്ന കാര്യം കൂടി പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>അവശ്യ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക്</u>

*24 ശ്രീ. പാലോട് രവി
ശ്രീ. റ്റി.എൻ. പ്രതാപൻ
ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിലോയ്ക്ക് ഒരു രൂപയ്ക്ക് 25 കിലോ അരി വീതം നൽകുന്ന പദ്ധതി ഏകദേശം എത്ര കാർഡ് ഉടമകൾക്ക് നൽകുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) പദ്ധതി തടസ്സം കൂടാതെ നടപ്പിലാക്കാൻ ഏതെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) കഴിഞ്ഞ ഓണം - റംസാൻ കാലയളവിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയുള്ള വിറ്റുവരവ് എത്രയെന്ന് അറിയിക്കാമോ;

(ഡി) അരി ഉൾപ്പെടെയുള്ള പലവ്യഞ്ജനങ്ങൾ മുൻ വർഷത്തേക്കാൾ വിലകുറച്ച് നൽകുവാൻ സാധിച്ചിട്ടുണ്ടോ;

(ഇ) കേന്ദ്ര സർക്കാരിന്റെ കൂടി സഹായത്തോടെ അവശ്യ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>പുതുക്കിയ ബഡ്ജറ്റിൽ നിന്നും ഒഴിവാക്കിയ പദ്ധതികൾ</u>

*25 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 സാമ്പത്തിക വർഷത്തിലേക്കായി മുൻസർക്കാർ പ്രഖ്യാപിച്ച റോഡ് വികസനവുമായി ബന്ധപ്പെട്ട ഏതെല്ലാം പദ്ധതികൾ ഈ സർക്കാരിന്റെ പുതുക്കിയ ബജറ്റിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) എങ്കിൽ അതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 26.09.2011-ലെ മറുപടിക്ക്

<u>ക്വട്ടേഷൻ സംഘങ്ങളുടെ പ്രവർത്തനം</u>

*26 ശ്രീ. എസ്. രാജേന്ദ്രൻ
,, എസ്. ശർമ്മ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്വട്ടേഷൻ സംഘങ്ങളുടെ പ്രവർത്തനം സജീവമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ക്വട്ടേഷൻ സംഘങ്ങൾ ആശങ്കാജനകമാംവിധം കൂടിവരുന്നതിനെ വിമർശിച്ചുകൊണ്ട് കേരള ഹൈക്കോടതിയിലെ ജസ്റ്റിസ് കെ.ടി. ശങ്കരൻ വിധി പ്രസ്താവിച്ചതായി ശ്രദ്ധയിൽപ്പെടുകയുണ്ടായോ ; വിമർശനം എന്തായിരുന്നു;

(സി) ക്വട്ടേഷൻ സംഘങ്ങളെ നിയന്ത്രിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ?

# കേരള നിയമസഭ
# 26.09.2011-ലെ മറുപടിക്ക്

മാറാട് കലാപങ്ങളുമായി ബന്ധപ്പെട്ട ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ

*27 ശ്രീ. കെ. ദാസൻ
,, എളമരം കരീം
,, വി. ചെന്താമരാക്ഷൻ
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാറാട് കലാപങ്ങളുമായി ബന്ധപ്പെട്ട ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് ലഭിച്ചത് എന്നാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കപ്പെട്ട തുടർ നടപടികൾ എന്തെല്ലാമായിരുന്നു ;

(സി) ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സി. ബി. ഐ. അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് മുൻ മന്ത്രിസഭ എടുത്ത തീരുമാനം നടപ്പാകാതെ പോയത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ഡി) കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സി. ബി. ഐ. അന്വേഷണം നടത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 26.09.2011-ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാരുടെ പെൻഷൻ പരിഷ്ക്കരണം</u>

*28 ശ്രീ. ആർ. സെൽവരാജ്
,, കെ. സുരേഷ്കുറുപ്പ്
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ പെൻഷൻ പരിഷ്കരിക്കേണ്ടത് സംബന്ധിച്ച് കേന്ദ്ര ആസൂത്രണ കമ്മീഷൻ വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഈ വർഷത്തേയ്ക്കുള്ള പദ്ധതിയുടെ ചർച്ചാവേളയിൽ മുഖ്യമന്ത്രിയും ആസൂത്രണ കമ്മീഷനും തമ്മിൽ ഇതു സംബന്ധമായി ചർച്ച നടത്തുകയുണ്ടായോ; കേരളത്തിന്റെ പരിഷ്കരണ നിർദ്ദേശം എന്തായിരിന്നു;

(സി) ജീവനക്കാരുടെ പെൻഷൻ എങ്ങിനെ പരിഷ്കരിക്കാനാണുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>വരും തലമുറകളുടെ ഭാവി സുരക്ഷിതമാക്കുന്ന പദ്ധതികൾ</u>

*29 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, മുല്ലക്കര രത്നാകരൻ
,, ചിറ്റയം ഗോപകുമാർ
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ ഒരു കുഞ്ഞ് ജനിക്കുമ്പോൾ പതിനായിരം രൂപ ട്രഷറിയിൽ നിക്ഷേപിക്കുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഈ പദ്ധതി നിർത്തലാക്കാനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതി നടപ്പാക്കിയ കാലഘട്ടത്തിൽ ഇത്തരത്തിലുള്ള എത്ര നിക്ഷേപങ്ങളുണ്ടായി എന്ന് വെളിപ്പെടുത്തുമോ ;

(സി) വരും തലമുറകളുടെ ഭാവി സുരക്ഷിതമാക്കുന്ന ഇത്തരം പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതിനും മേൽപ്പറഞ്ഞ പദ്ധതി തുടരുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 26.09.2011-ലെ മറുപടിക്ക്

നൂറുദിനപ്രവര്‍ത്തനങ്ങള്‍

*30 ശ്രീ. എളമരം കരീം
,, എ.കെ. ബാലന്‍
,, ജി. സുധാകരന്‍
,, പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആദ്യനൂറുദിനങ്ങളിലെ പ്രവര്‍ത്തനങ്ങള്‍ സംബന്ധിച്ച് സര്‍ക്കാര്‍ വിലയിരുത്തുകയുണ്ടായോ;

(ബി) ഈ കാലയളവിലെ ഭരണരംഗത്തെയും പദ്ധതിനടത്തിപ്പിലെയും വീഴ്ചകള്‍ പരിശോധിക്കുകയുണ്ടായോ, വിശദമാക്കാമോ;

(സി) നൂറുദിന കര്‍മ്മപരിപാടികളില്‍ മുന്‍സര്‍ക്കാരിന്റെ പരിപാടികളുടെയും പദ്ധതികളുടെയും തുടര്‍ച്ചയായുള്ളവ ഏതൊക്കെയായിരുന്നു; പുതിയ പദ്ധതികള്‍ ഏതെങ്കിലും ഉണ്ടായിരുന്നുവോ;

(ഡി) നൂറുദിന കര്‍മ്മപരിപാടിയുടെ ഭാഗമായുള്ള ഏതെങ്കിലും പദ്ധതികള്‍ക്ക് ഈ വര്‍ഷത്തെ പുതുക്കിയ ബഡ്ജറ്റില്‍ അധികമായി തുക വകയിരുത്തുകയുണ്ടായോ; എങ്കില്‍ വിശദമാക്കാമോ;

(ഇ) പ്രസ്തുത പരിപാടിയുടെ ഭാഗമായി ഇപ്പോള്‍ ഉദ്ഘാടനം ചെയ്യപ്പെട്ട പദ്ധതികളില്‍ ഭരണാനുമതി നല്‍കപ്പെട്ടവ എത്രയായിരുന്നു?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി.ഡി. രാജന്‍,
തിരുവനന്തപുരം സെക്രട്ടറി
2011 സെപ്റ്റംബര്‍ 17.